# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1530 06.03.2018 ൽ മറുപടിയ്ക്ക്

### ഇരുചക്ര വാഹനങ്ങളിലെ റിയർവ്യൂ ഗ്ലാസ് ഒഴിവാക്കൽ

| ചോദ്യം<br>ശ്രീ.ആർ.രാമചന്ദ്രൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിരത്തുകളിലോടുന്ന ഇരുചക്ര വാഹനങ്ങളിൽ റിയർവ്യൂ ഗ്ലാസ് ഒഴിവാക്കി ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വാഹനങ്ങൾ ഓടിക്കുന്നവരുടെ പേരിൽ പിഴ ചുമത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (എ) | ഉണ്ട്. ഇത്തരത്തിൽ നിയമലംഘനം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | മോട്ടോർ വാഹന വകുപ്പിന്റെ വാഹന പരിശോധനകൾ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ? | (ബി) | അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും വേഗതാ പരിധി ലംഘിക്കുന്നവരെ കണ്ടെത്തി നടപടിസ്വീകരിക്കുന്നതിനും ക്യാമറാനിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണസംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്തു ആട്ടോമേറ്റഡ് ഡ്രൈവിങ്ങ് ലൈസൻസ് സംവിധാനവും, വാഹന ക്ഷമതാപരിശോധനാ കേന്ദ്രങ്ങളും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ് അടിസ്ഥാനത്തിൽ ഈ വർഷം |

| | | | |
|---|---|---|---|
| | | | തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും നടത്തുന്നുണ്ട്. ഇവ കൂടാതെ സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**